| 08-08-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - സംഗമയുഗം ബ്രാഹ്മണർക്ക് മംഗളകാരിയാണ് അതിനാൽ സദാ അഭിമാനത്തോടെ ഇരിക്കണം, ഏതൊരു കാര്യത്തിലും ചിന്ത വേണ്ടതില്ല.**

**ചോദ്യം:-** ആരുടെ അവസ്ഥയാണോ നല്ലത് അവരുടെ അടയാളമെന്തെല്ലാമായിരിക്കും?
**ഉത്തരം:-** അവർക്ക് ഏതൊരു കാര്യത്തിലും കരച്ചിൽ വരില്ല. തളരില്ല, ആശങ്കയോ ദു:ഖമോ ഉണ്ടാകില്ല .ഓരോ സീനും സാക്ഷിയായി കാണും. ഒരിക്കലും എന്ത് കൊണ്ട്, എന്ത് എന്ന ചോദ്യങ്ങൾ ഉണ്ടാകില്ല. ആരുടെ നാമ രൂപങ്ങളേയും ഓർമ്മിക്കില്ല, ഒരു ബാബയുടെ ഓർമ്മയിൽ ഹർഷിതമുഖരായിരിക്കും.

**ഗീതം:-** മാതാ ഓ മാതാ....

*( 24-6-65 ന് മാതേശ്വരിയുടെ ദേഹത്യാഗം നടന്നതിനുശേഷം ബാപ്ദാദ കേൾപ്പിച്ചതാണ് ഈ മഹാവാക്യങ്ങൾ , ദയവായി ആ സ്മൃതിയോടെ ഇത് വായിക്കൂ.)*

**ഓം ശാന്തി**. മധുരമായ കുട്ടികൾക്കുള്ള ആജ്ഞയാണ് പരിധിയില്ലാത്ത ബാബയെ ഓർമ്മിച്ച് കൊണ്ടിരിക്കൂ. ബാബയുടെ സേവനം ചെയ്യുന്ന ഏത് നാമരൂപത്തിലുള്ള കുട്ടികളാണെങ്കിലും അവരിൽ നിന്ന് ഈ ജ്ഞാനവും യോഗവും കേൾക്കണം. അവരും ഇത് തന്നേയാണ് കേൾപ്പിക്കുക ബാബയേ ഓർമ്മിക്കൂ കാരണം സമ്പത്ത് ആ ബാബയിൽ നിന്നാണ് ലഭിക്കുന്നത്. ശിവബാബയേ ഓർമ്മിക്കൂ എന്ന് തന്നേയാണ് മമ്മയും കേൾപ്പിക്കുന്നത്, കുട്ടികളും അത് തന്നേയാണ് കേൾപ്പിക്കുന്നത്. നിങ്ങൾ കുട്ടികൾ ഇവിടെ ശിവബാബയുടെ ഓർമ്മയിൽ ഇരിക്കുന്നു, നിങ്ങൾക്ക് യാതൊന്നും ചിന്തിക്കേണ്ടതില്ല കാരണം നിങ്ങൾ പരിധിയില്ലാത്ത അച്ഛനിൽ നിന്ന് ഈ സമ്പത്ത് എടുത്ത് കൊണ്ടിരിക്കുന്നു. ഇവരിൽ ആരെങ്കിലും ശരീരം ഉപേക്ഷിക്കുകയാണെങ്കിൽ നമ്മൾ പറയും ഇതും വിധിയാണ്. കൽപ്പം മുമ്പും ഇത് സംഭവിച്ചിരുന്നു കാരണം ഡ്രാമയനുസരിച്ചല്ലേ നടക്കേണ്ടത്, അതിൽ യാതൊരു ചിന്തയും ആവശ്യമില്ല. ഇന്ന് മമ്മ പോയി, നാളെ മറ്റാരെങ്കിലും പോകും പിന്നീടും ബാബക്ക് തീർച്ചയായും മുരളി കേൾപ്പിക്കേണ്ടി വരും. ബാബ നിങ്ങൾ കുട്ടികളെ പുതിയ പുതിയ പോയന്റുകൾ കേൾപ്പിക്കുന്നു, അവയുടെ അർത്ഥം മനസിലാക്കി തന്ന് കൊണ്ടിരിക്കുന്നു, കുട്ടികളേ ബാബയേ ഓർമ്മിക്കൂ എന്ന് തന്നെ എല്ലാവരോടും പറഞ്ഞ് കൊണ്ടിരിക്കുന്നു, ഏതൊരു നാമരൂപങ്ങളിലും കുടുങ്ങരുത്. ഇത് എല്ലാ കുട്ടികൾക്കും വേണ്ടിയുള്ള ജ്ഞാനമാണ്. മുന്നോട്ട് പോകുമ്പോൾ ഇനിയും വളരെ അത്ഭുതകരമായ കാര്യങ്ങൾ കാണാനുണ്ട്. ഈ സമയത്ത് ദു:ഖകരമായ കാര്യങ്ങളാണ്, എന്നാൽ ആ ദു:ഖത്തേ കുറിച്ച് നമ്മൾ ചിന്തിക്കേണ്ടതില്ല. നോക്കൂ, ഈ ബാബക്ക് (സാകാര ബാബ) യാതൊരു ചിന്തയും ഇല്ല , എന്തുകൊണ്ടെന്നാൽ അറിയാം ഞങ്ങൾക്ക് ബാബയേ തന്നെ ഓർമ്മിക്കണം, ഞങ്ങൾക്ക് ബാബയിൽ നിന്ന് സമ്പത്തെടുക്കണം . ബാബ മനസ്സിലാക്കി തന്നു, രചനയിൽ നിന്ന് യാതൊരു സമ്പത്തും ലഭിക്കുന്നില്ല, രചനക്ക് രചയിതാവിൽ നിന്ന് സമ്പത്ത് ലഭിക്കണം അതിനാൽ ഏത് രചനകളായാലും (ആൺകുട്ടികളോ, പെൺകുട്ടികളോ) അവർക്ക് ഒരു രചയിതാവിനെ ഓർമ്മിക്കണം, എന്ത് തന്നെ സംഭവിച്ചാലും. അങ്ങിനേയുള്ള എന്ത് തന്നെ വിഘ്നങ്ങൾ ഉണ്ടായാലും അതിൽ സംശയത്തിന്റെ കാര്യമേ ഇല്ല എന്ന് മനസിലാക്കൂ, കാരണം ഒരേയൊരു ശിവബാബയേ തന്നേ ഓർമ്മിക്കണം, ഇതിൽ തന്നേയാണ് കുട്ടികളുടെ മംഗളം. ആരെങ്കിലും നല്ല സേവനം ചെയ്യവേ ശരീരം വിടുകയാണെങ്കിൽ മനസിലാക്കണം, ആര് പോകുന്നുവോ അവർക്ക് പോയി മറ്റ് എവിടേയെങ്കിലും പാർട്ടഭിനയിക്കേണ്ടതുണ്ട്. ഏതെങ്കിലും മംഗളത്തിന് നിമിത്തമായി ഇവയെല്ലാം സംഭവിക്കുന്നു, കാരണം ബാബ കല്യാണകാരിയാണ്, മാത്രമല്ല ഈ സംഗമയുഗം ബ്രാഹ്മണരെ സംബന്ധിച്ചിടത്തോളം മംഗളകാരി തന്നെയാണ്. ഓരോ കാര്യത്തിലും നന്മയുണ്ടെന്ന് മനസ്സിലാക്കി സന്തോഷത്തോടെയിരിക്കണം എന്തുകൊണ്ടെന്നാൽ നാം ഈശ്വരീയ സന്താനങ്ങളാണ്. ഈശ്വരനിൽ നിന്ന് സമ്പത്തെടുക്കുന്നു. സമ്പത്തെടുത്തെടുക്കവേ ആരെങ്കിലും ശരീരം വിടുകയാണെങ്കിൽ തീർച്ചയായും അവർക്ക് മറ്റെവിടേയെങ്കിലും പാർട്ടുണ്ടാകും, ഇതിലും കൂടുതൽ എന്തെങ്കിലും കാര്യം ചെയ്യേണ്ടതുണ്ടാകും.

ഹായ് സൗഭാഗ്യം!കൽപ്പം മുമ്പെന്ന പോലെ ബാബയുടെ സഹായിയാകുക എന്നത് ഞങ്ങളുടെ തന്നെ പാർട്ടാണ്. സഹായി ആയിരിക്കേ സാധാരണഗതിയിൽ ആർക്കും മരണം സംഭവിക്കാം. ഡ്രാമയനുസരിച്ച് തന്നേയാണ് ഇത് സംഭവിക്കുന്നത് എന്ന് നമ്മൾ മനസിലാക്കുന്നു, ആരെങ്കിലും പോയെങ്കിൽ തന്നെ എന്താണ്. നമുക്ക് അവർക്ക് വേണ്ടി ഒന്നും തന്നെ ചെയ്യാനില്ല. നമ്മുടേതെല്ലാം ഗുപ്തമാണ്. വാസ്തവത്തിൽ

ആർക്കാണോ ഒരിക്കലും കണ്ണുനീർ വരാത്തത് അവരുടെ അവസ്ഥ നല്ലതാണ്. മമ്മ ശരീരം വിട്ട് പോയി, ഇനി എന്തുണ്ടാകും! ഇങ്ങിനെ ഒരിക്കലും ചിന്തിക്കരുത്. കണ്ണുനീർ വന്നു എങ്കിൽ പാസാകില്ല, കാരണം ബാബ ഇരിക്കുന്നില്ലേ, നമുക്കെല്ലാം സമ്പത്ത് തന്ന് കൊണ്ട്. ബാബ അമരനാണ്, ആ ബാബക്ക് വേണ്ടി ഒരിക്കലും കണ്ണുനീർ വരേണ്ട കാര്യമില്ല. നമ്മൾ സ്വയം തന്നെ സന്തോഷത്തോടെ ശരീരം ഉപേക്ഷിക്കുന്നതിന് പുരുഷാർത്ഥം ചെയ്ത് കൊണ്ടിരിക്കുന്നു. മമ്മയ്ക്കും ഈ സമയം എന്തെങ്കിലും കാര്യത്തിന് വേണ്ടി പോകേണ്ടതുണ്ടാകും, ഇതും ഡ്രാമയാണ്. ആരെങ്കിലും തന്റെ അവസ്ഥയനുസരിച്ച് ശരീരം ഉപേക്ഷിക്കുകയാണെങ്കിൽ അവർക്ക് മംഗളമുണ്ടാകും. വളരെ നല്ല വീട്ടിൽ ജന്മമെടുത്ത് അവിടേയും തന്റെ സന്തോഷം നൽകും. ചെറിയ ചെറിയ കുട്ടികൾ പോലും എല്ലാവർക്കും സന്തോഷം നൽകുന്നു. എല്ലാവരും അവരെ വളരെ പുകഴ്ത്തുന്നു. അപ്പോൾ കുട്ടികൾക്ക് ഡ്രാമയിലും, ബാബയിലുമാണ് ആശ്രയം. ഓരോ സെക്കന്റിലും എന്തെല്ലാം നടക്കുന്നുവോ അത് ഡ്രാമയിൽ അടങ്ങിയതാണ്, ഇങ്ങിനെ മനസിലാക്കി സന്തോഷത്താൽ സദാഹർഷിതരായിരിക്കണം.

ഏതൊരു നാമ രൂപങ്ങളിലും നമ്മൾ കുടുങ്ങരുത്. ഇത് ശരീരമാണ് എന്ന് അറിയാം, ഇതിന് പോകുക തന്നേ വേണം. ഓരോരുത്തരുടെ പാർട്ടും നിശ്ചിതമാണ്, നമ്മൾ കരയുകയാണെങ്കിൽ അവരുടെ പാർട്ട് മാറ്റാൻ സാധിക്കുമോ, അതിനാൽ കുട്ടികൾക്ക് തീർത്തും അശരീരിയായി, ശാന്തമായും ഹർഷിതമുഖരായും ഇരിക്കണം. സ്ഥിരവും, അഖണ്ഡവുമായ രാജ്യം എടുക്കണമെങ്കിൽ ഇങ്ങിനെ ആകുക തന്നെ വേണം. എന്തെങ്കിലും സംഭവങ്ങൾ നടന്നാൽ ഡ്രാമയുടെ നിയതി എന്ന് പറയും, ദു:ഖത്തിന്റെ യാതൊരു കാര്യവും ഇല്ല. കൽപ്പം മുമ്പും ഇങ്ങിനെ തന്നെ ഉണ്ടായിരുന്നു. യാദൃശ്ചിക സംഭവങ്ങൾ ഉണ്ടാകുക തന്നെ ചെയ്യും, ഭൂമി കുലുക്കങ്ങളെല്ലാം ഉണ്ടാകും. നിങ്ങളിൽ ആരും തന്നെ മരിക്കുകയില്ല എന്നല്ല. ആരു വേണമെങ്കിലും മരിക്കാം, എന്തും സംഭവിക്കാം അതിനാൽ ബാബ മനസിലാക്കി തരുന്നു കുട്ടികളേ എപ്പോഴും ബാബയുടെ ഓർമ്മയിൽ ആത്മീയ ലഹരിയിലിരിക്കൂ. ഇതിൽ ആർക്ക് എന്ത് പാർട്ട് ലഭിച്ചുവോ അത് അഭിനിയിക്കുക തന്നെ വേണം, അതിൽ നമുക്ക് എന്ത് ചെയ്യാനാകും. നമ്മുടെ ജ്ഞാനം തന്നേ ഇതാണ് – അമ്മ മരിക്കുകയാണെങ്കിലും ഹലുവ കഴിക്കണം, എന്നുവെച്ചാൽ ഈ ജ്ഞാന രത്നം നൽകണം. ബാബ പറയുന്നു, നോക്കൂ ഈ ബാബയും ശരീരം വിട്ടാൽ...... എന്നാലും നിങ്ങൾ കുട്ടികൾക്ക് ജ്ഞാനം കിട്ടി ക്കഴിഞ്ഞു, അതായത് ഞങ്ങൾക്ക് ശിവബാബയിൽ നിന്ന് സമ്പത്തെടുക്കണം, ഇദ്ദേഹത്തിൽ നിന്ന് എടുക്കേണ്ടതില്ല. ബാബ പറയുന്നു ഈ കുട്ടികളെല്ലാം എന്നിൽ നിന്ന് സമ്പത്തെടുത്ത് മറ്റുള്ളവർക്ക് വഴി പറഞ്ഞ് കൊടുക്കുന്നവരാണ്. നിങ്ങൾ കുട്ടികൾ അന്ധരുടെ ഊന്നുവടിയാകണം, ബാബയുടെ പരിചയം നൽകണം. ഓരോരുത്തരിലും ദയകാണിക്കണം. ഇവർ പാവം ദു:ഖിയാണ്, ഇവർക്ക് സുഖത്തിന്റെ വഴി പറഞ്ഞ് കൊടുക്കണം ഇതാണ് നിങ്ങളുടെ പുരുഷാർത്ഥം. ഈ ലോകത്ത് ബാബയല്ലാതെ മറ്റാരുമില്ല സുഖത്തിന്റെ വഴി പറഞ്ഞ് തരുന്നവരായി. മുക്തിദാതാവ്, ദു:ഖഹർത്താവ്, സുഖകർത്താവ് ഒന്ന് തന്നേയാണ്, ആ ബാബയേ തന്നെ ഓർമ്മിക്കണം.

എന്ത് തന്നെ സംഭവിച്ചാലും ഇവിടെ ദു:ഖത്തിന്റെ യാതൊരു കാര്യവും ഉണ്ടാകാൻ പാടില്ല.നിങ്ങളുടെ മമ്മ സേവനത്തിൽ ഏറ്റവും നമ്പർ വൺ ആയിരുന്നു എന്ന് നമുക്കറിയാം. അവരുടെ കൈകളിൽ വീണ കാണിച്ചിരിക്കുന്നു, ജഗദംബ അഥവാ മാതേശ്വരി വളരെ നന്നായി മനസിലാക്കിക്കൊടുത്തിരുന്നു. അവരും ശിവബാബയേ ഓർമ്മിക്കൂ എന്നെ ഓർമ്മിക്കേണ്ട എന്നാണ് പറഞ്ഞിരുന്നത്. മന്മനാഭവ, മധ്യാജീ ഭവ ഈ രണ്ട് വാക്കുകൾ പ്രസിദ്ധമാണ്. ബാക്കി വിസ്താരത്തിലാണ്. എങ്കിൽ ഏതവസ്ഥയിലും, എന്തെങ്കിലും സംശയം ആർക്കെങ്കിലും ഉണ്ടായാൽ, ഇത് എന്ത് സംഭവിച്ചു, ഇങ്ങിനെ എന്ത് കൊണ്ടുണ്ടായി.....ഇതിലൂടെ സ്വയം നഷ്ടമുണ്ടാക്കുകയാണ്. നിങ്ങൾ കുട്ടികൾക്ക് ഏതവസ്ഥയിലും ദു:ഖത്തിന്റെ പ്രഭാവം ഉണ്ടാകാൻ പാടില്ല. രോഗമുണ്ടായാലും, എന്ത് സംഭവിച്ചാലും.... ഇത് കർമ്മഭോഗാണ്. ബാബയോട് ചോദിക്കുന്നു– ബാബാ ഇതെന്താണ് ?ബാബ പറയും ഇത് നിങ്ങളുടെ കർമ്മ ഭോഗാണ്. ഡ്രാമയിലെ ഏതൊരു കാര്യവും മുൻ കൂട്ടി പറയാനുള്ളതല്ല എങ്കിൽ ഞാൻ എങ്ങിനെ പറയും...! ഈ ബാബയും സാക്ഷിയായി കാണുന്നു, അതിനാൽ കുട്ടികളും സാക്ഷിയായിരുന്നു കാണണം, ബാബയുടെ ഓർമ്മയിൽ ഞാൻ ഈശ്വരീയ സന്താനമാണ്, ഈശ്വരന്റെ പൗത്ര പൗത്രിമാരാണ് എന്ന അഭിമാനത്തോടെ ഇരിക്കണം. ഈശ്വരനിൽ നിന്ന് സമ്പത്തെടുത്ത് കൊണ്ടിരിക്കുന്നു. മമ്മയും ഈശ്വരന്റെ സമ്പത്ത് എടുത്തെടുത്ത് ശരീരം ഉപേക്ഷിച്ചു എന്ന് നമുക്കറിയാം. നമ്മൾ ഓരോരുത്തരും ബാബയേയും സമ്പത്തിനേയും ഓർമ്മിക്കണം. എല്ലാം പുരുഷാർത്ഥത്തിന്റെ ആധാരത്തിലാണ്. ഞങ്ങൾ എത്ര പഠിക്കുന്നുവോ അത്രയും ഉയർന്ന പദവി നേടും എന്ന് ഈ കുട്ടികൾക്കും മനസിലാക്കാം. ഉയർന്ന രാജകുമാരനാകും. സൂര്യവംശി രാജകുമാരനും, ചന്ദ്രവംശി രാജകുമാരനും രാജകുമാരിയുമുണ്ട്. എങ്കിൽ കുട്ടികൾ പഠിത്തം പഠിക്കുക തന്നേ വേണം, എന്ത് തന്നെ സംഭവിച്ചോട്ടെ തീർച്ചയായും പഠിക്കണം. ഇങ്ങിനേയും ചിലരുണ്ട് – അവരുടെ അച്ഛനോ

അമ്മയോ മരിച്ചാൽ  പഠിത്തം ഉപേക്ഷിക്കുന്നു, അത് പാടില്ല. അതിനാൽ  നിങ്ങൾ നിത്യവും പഠിത്തം പഠിക്കണം. നിങ്ങൾ ഒരു ദിവസം പോലും പഠിത്തം ഉപേക്ഷിക്കരുത്, ഏതവസ്ഥയിലും സേവനം തീർച്ചയായും ചെയ്യണം. ഓരോ നിമിഷവും ബുദ്ധിയിൽ  ആ ഒരേയൊരു ബാബയുടെ ഓർമ്മയുണ്ടാകണം. നിങ്ങളെ ആ ബാബ തന്നേയാണ് പഠിപ്പിക്കുന്നത്, ആ ബാബയിൽ  നിന്ന് തന്നെ സമ്പത്തും എടുക്കണം. ആ ബാബ തന്നേയാണ് നമ്മുടെ ബുദ്ധിയുടെ പൂട്ട് തുറന്നത്. മുഴുവൻ ബ്രഹ്മാണ്ഡത്തിന്റേയും. സൂക്ഷ്മവതനത്തിന്റേയും, സൃഷ്ടിയുടെ ആദി-മദ്ധ്യ- അന്ത്യത്തിന്റേയും ജ്ഞാനം ഞങ്ങളുടെ ബുദ്ധിയിലുണ്ട്. ഇതേ ജ്ഞാനത്തിലൂടെ ഞങ്ങൾ ചക്രവർത്തിയാകുന്നു. മതി, അതേ ലഹരിയിൽ, ആനന്ദത്തിൽ  ഇരുന്ന് ഇങ്ങിനെ തന്നെ എല്ലാവരേയും കേൾപ്പിക്കണം കാരണം പക്കാ ബ്രാഹ്മണനായ നിങ്ങൾ കുട്ടികൾക്ക് യാതൊരു ചിന്തയും ഇല്ല. ഇതിൽ  യാതൊരു ചിന്തയുടേയോ, ആശങ്കയുടേയോ ആവശ്യമില്ല. ഇങ്ങിനേയുള്ള നല്ല അവസ്ഥ ഉണ്ടാകണം.

അന്തിമത്തിൽ  വിജയം ഞങ്ങളുടേതാണ് എന്ന് നിങ്ങൾ മനസിലാക്കുന്നു, തന്റെ സമ്പത്തെടുക്കുന്നതിന് കൂട്ടം കൂട്ടമായി വരും. എന്ത് തന്നെ സംഭവിച്ചാലും നിങ്ങളുടെ സേവനം വൃദ്ധി പ്രാപിച്ച് കൊണ്ടിരിക്കുക തന്നെ ചെയ്യും, നിങ്ങളുടെ പ്രവർത്തികൾ ദൈവീകമായാൽ മാത്രം മതി. അതിൽ  യാതൊരു ആസുരീയ ഗുണവും ഉണ്ടാകാൻ പാടില്ല. ആരോടെങ്കിലും അടിപിടിയുണ്ടാക്കുക, വഴക്കിടുക, കടുത്ത വാക്കുകൾ ഉപയോഗിക്കുക അല്ലെങ്കിൽ ഉള്ളിൽ എന്തെങ്കിലും അത്യാഗ്രഹം, ലോഭം, ക്രോധം.... എന്നിവ ഉണ്ടാകുകയാണെങ്കിൽ വളരെ കടുത്ത ശിക്ഷ അനുഭവിക്കേണ്ടി വരും അതിനാൽ  ആർക്കും ദു:ഖം നൽകരുത്. എല്ലാവർക്കും സുഖത്തിന്റെ വഴി പറഞ്ഞ് കൊടുക്കണം. ചെറിയ കുട്ടികൾ എന്തെങ്കിലും ചാഞ്ചല്യം കാണിക്കുകയാണെങ്കിലും അടിക്കരുത്. അവരേയും സ്നേഹത്തോടെ നടത്തണം. വീട്ടിലും വളരെ യുക്തിയോടെ നടക്കണം. ചിലരുണ്ട് ഇവിടെ ഇരുന്ന് വളരെ നന്നായി മനസിലാക്കും, വീട്ടിൽ ചെല്ലുകയാണെങ്കിൽ  അവരെ മായ ഉപദ്രവിക്കാൻ തുടങ്ങും. ഇതും ബാബ മനസിലാക്കി തരുന്നു കുട്ടികളേ കൊടുങ്കാറ്റ് വളരെ വേഗത്തിൽ  വന്ന് കൊണ്ടിരിക്കും, ദിനം പ്രതി ദിനം കൊടുങ്കാറ്റ് വിഘ്നങ്ങൾ ഉണ്ടാക്കി കൊണ്ടിരിക്കും, നിങ്ങൾ ഭയപ്പെടരുത്. ബാബ പറയുന്നു നമ്മുടെ ഈ രുദ്ര ജ്ഞാന യജ്ഞത്തിൽ  ധാരാളം വിഘ്നങ്ങൾ വന്ന് കൊണ്ടിരിക്കും, കാരണം ഇത് പുതിയ ജ്ഞാനമാണ്. നിങ്ങൾ ശാസ്ത്രങ്ങളെ അംഗീകിരക്കുന്നുണ്ടോ എന്ന് ആരെങ്കിലും ചോദിക്കുകയാണെങ്കിൽ, ഉണ്ട് ഇവയെല്ലാം ഭക്തിമാർഗത്തിലെ ശാസ്ത്രങ്ങളാണ് എന്ന് പറയൂ. ഇത് ജ്ഞാനമാർഗമാണ്. ജ്ഞാനേശ്വരനായ ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ, അത് മാത്രം മതി, ഞങ്ങളും നിങ്ങളോട് ബാബയേ ഓർമ്മിക്കൂ എന്ന് പറയുന്നു. ചെയ്യുകയോ ചെയ്യാതിരിക്കുകയോ അത് നിങ്ങളുടെ ഇഷ്ടം. ഇപ്പോൾ നരകമാണ്, രാവണ രാജ്യമാണ്. ഇപ്പോൾ ബാബയേയും സ്വർഗത്തേയും ഓർമ്മിക്കൂ. നിങ്ങൾ ജന്മജന്മാന്തരം ഗംഗാ സ്നാനം ചെയ്ത് വരുന്നു, എന്നിട്ടും ലോകം പതിതമായി മാറി വരുന്നു. ഇപ്പോൾ ബാബ പറയുന്നു എന്നെ ഓർമ്മിച്ചാൽ  മാത്രം മതി.  ഇവിടേത്തേതാണെങ്കിൽ  അവരുടെ സംസ്ക്കാരം കാണുമ്പോൾ തന്നേ മനസ്സിലാകും.

നിങ്ങൾ ഇപ്പോൾ  പരിധിയില്ലാത്ത ബുദ്ധിശാലിയാണ്. സമർത്ഥരെ ബുദ്ധിവാൻ എന്ന് പറയുന്നു. എങ്കിൽ നിങ്ങളും ആ ലഹരിയിൽ  ഇരിക്കണം. ബാക്കി ദു:ഖത്തിന്റേയൊന്നും ആവശ്യമില്ല, ഡ്രാമ നടന്ന് കൊണ്ടിരിക്കുന്നു എന്ന് നമ്മൾ മനസിലാക്കി കഴിഞ്ഞു. നിങ്ങൾ പറയും അയ്യോ! മമ്മ പോയി ! ആ അഭിനേതാവ് മറ്റൊരു പാർട്ടഭിനയിക്കുന്നതിന് പോയി. ഇതിൽ വിഷമത്തിന്റേയോ, കരച്ചിലിന്റേയോ, ദു:ഖത്തിന്റേയോ ഒന്നും തന്നെ ആവശ്യമില്ല. അവർ വളരെ ഉയർന്ന എന്തോ സേവനം ചെയ്യുന്നതിന് വേണ്ടി പോയി. നിങ്ങൾ ദിനം പ്രതി ഉയർന്നവരായി കൊണ്ടിരിക്കുന്നു. ആരെങ്കിലും ശരീരം ഉപേക്ഷിക്കുകയാണെങ്കിലും പോയി ഉയർന്ന സേവനം ചെയ്യും, അതിനാൽ കുട്ടികൾക്ക് യാതൊരു ദു:ഖവും ഉണ്ടാകാൻ പാടില്ല. എന്തിന് മമ്മ, എല്ലാവരും പോകും. നമുക്കും ബാബയുടെ അടുക്കൽ പോകണം, നമുക്ക് ബാബയുമായാണ് ബന്ധം. എല്ലാവർക്കും ബാബയുമായാണ് ബന്ധം, മമ്മയ്ക്കും ബാബയുമായായിരുന്നു ബന്ധം. ഇപ്പോൾ ബാബയിൽ നിന്ന് ജ്ഞാനമെടുത്ത്, സേവനം ചെയ്ത്, വേറൊരു സേവനത്തിനായി, മറ്റൊരു പാർട്ടഭിനയിക്കുന്നതിനായി പോയിരിക്കുന്നു. നമ്മൾ സാക്ഷിയായിരുന്ന് കണ്ട് കൊണ്ടിരിക്കുന്നു. മമ്മ പോയി, ഇന്നയാൾ പോയി, ഇവർ പോയി.... ഇങ്ങിനെ ചിന്തിക്കരുത്, അല്ലയോ ആത്മാക്കളേ അവർ സേവനത്തിനായാണ് പോയിരിക്കുന്നത്. ശരീരമെല്ലാം മണ്ണടിയാനുള്ളതാണ്. അതിനാൽ  ഒരിക്കലും കുട്ടികൾക്ക് യാതൊരു പ്രകാരത്തിലുള്ള ചിന്തയും ഉണ്ടാകരുത്. ശരിയാണ്, ഇത് സത്യമാണ്, ബാബയുടേതായിരുന്ന ഈ വിദ്യാർത്ഥി വളരെ നല്ലതായിരുന്നു. നന്നായി മനസിലാക്കിത്തന്നിരുന്നു..... മഹിമ പാടുന്നു. ഏതെങ്കിലും പ്രകാരത്തിലുള്ള സംശയം വന്നു എന്നാൽ അവസാനിച്ചു, പദവിയിൽ നിന്ന് ഭ്രഷ്ടമാക്കപ്പെടും അതിനാൽ  ബാബ കുട്ടികൾക്ക് മനസിലാക്കി തന്നു കൊണ്ടിരിക്കുന്നു കുട്ടികളേ, യാതൊരു പ്രകാരത്തിലുള്ള ചിന്തയും ഇല്ലാതിരിക്കൂ. ഏതൊരു

നിർദ്ദേശങ്ങളാണോ ലഭിച്ച് കൊണ്ടിരിക്കുന്നത് അവയെ പ്രയോഗത്തിൽ കൊണ്ട് വരൂ. ഇത് എന്ത് സംഭവിച്ചു എന്ന് ചിന്തിക്കാതിരിക്കൂ. ബാബയേയും ജ്ഞാനത്തേയും മറക്കുന്നവർക്കാണ് ചിന്തയുണ്ടാകുക. നിങ്ങൾ കുട്ടികളെല്ലാം മാസ്റ്റർ ജ്ഞാനസാഗരന്മാരാണ്. ആർക്ക് എന്ത് പാർട്ടാണോ അവയിൽ നമുക്ക് എന്ത് ചെയ്യാൻ സാധിക്കും ?

ശരി – രാത്രിയിൽ എല്ലാവരും ഓർമ്മയിലിരിക്കൂ, നല്ല സമ്പാദ്യമുണ്ടാകും. ബാബ ഇവിടെ വന്ന് കുട്ടികളെ കാണുന്നു, ഇവർ പൂന്തോട്ടമുണ്ടാക്കി കൊണ്ടിരിക്കുന്നു എന്ന് സന്തോഷിക്കുന്നു. ഇപ്പോൾ ബ്രാഹ്മണരാണ്, ഇതിന് പിറകെ ദേവീ-ദേവതമാരുടെ പൂന്തോട്ടമുണ്ടാക്കണം. ഇപ്പോൾ ഇവിടെ എല്ലാവരും പുരുഷാർത്ഥികളാണ്. നല്ല പുഷ്പങ്ങളാകുന്നതിന് പരിശ്രമിച്ച് കൊണ്ടിരിക്കുന്നു. മുള്ളുകളേ പുഷ്പമാക്കുന്ന ഷോ ചെയ്യും. നിങ്ങളിവിടെ സ്ഥിരതയുള്ളവരായി ഇരിക്കണം. നോക്കൂ ബാബ എത്ര പക്കയാക്കുന്നു. എന്നെ മാത്രം ഓർമ്മിക്കൂ എന്ന് ബാബയുടെ ആജ്ഞ ലഭിച്ചു. ആരെങ്കിലും കരയുകയാണെങ്കിൽ ബാബ പറയുന്നു ആര് കരയുന്നോ അവർ നഷ്ടപ്പെടുത്തി. ഏതെങ്കിലും വാടിയ പൂ ഇല്ലല്ലോ എന്ന് ബാബ നോക്കി കൊണ്ടിരിക്കുന്നു. ഇല്ല. എല്ലാവരും മഹാവീരരാണ്. ഇങ്ങിനെ ഇങ്ങിനേയുള്ള വിഘ്നങ്ങൾ വരിക തന്നെ ചെയ്യും. ഡ്രാമയാണ്, ഭാവിയാണ്. ശരി –

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1) തന്റെ പ്രവർത്തികൾ ദൈവീകമാക്കണം. ഒരിക്കലും വഴക്കിടുകയോ, കലഹിക്കുകയോ, കഠിന വാക്കുകൾ സംസാരിക്കുകയോ ചെയ്യരുത്, അത്യാഗ്രഹമോ മോഹമോ വെക്കരുത്. ആർക്കും ദു:ഖം നൽകരുത്. എല്ലാവർക്കും സുഖത്തിന്റെ വഴി പറഞ്ഞ് കൊടുക്കണം.

2) ഏതൊരു വിഘ്നത്തിലും സംശയം ഉണ്ടാകരുത്, ഡ്രാമയുടെ നിശ്ചിത ഭാവി എന്ന് മനസിലാക്കി അഭിമാനത്തോടെ ഇരിക്കണം, വിഷമിക്കരുത്.

## വരദാനം:- സത്യമായ ഹൃദയത്തോടെ ബാബയെ സന്തുഷ്ടമാക്കുകയും സന്തുഷ്ടമായി കഴിയുകയും ചെയ്യുന്ന രഹസ്യയുക്തരായി ഭവിക്കൂ

ഏത് കുട്ടികളാണോ സത്യമായ ഹൃദയത്തോടെ ബാബയെ സന്തുഷ്ടമാക്കുന്നത്, ബാപ്ദാദ അവർക്ക് തന്റെ സംസ്ക്കാരങ്ങളിൽ, സംഘടനയിൽ നിന്ന് സന്തുഷ്ടം അർത്ഥം രഹസ്യയുക്തമായി കഴിയുന്നതിന്റെ വരദാനം നൽകുന്നു. തന്റെ അഥവാ മറ്റുള്ളവരുടെ സംസ്ക്കാരങ്ങളുടെ രഹസ്യത്തെ അറിയുക, പരിസ്ഥിതികളെ അറിയുക, ഇതാണ് രഹസ്യയുക്ത സ്ഥിതി. സത്യമായ ഹൃദയത്തോടെ ബാബയ്ക്ക് തന്റെ കണക്കുകൾ നൽകുക അഥവാ സ്നേഹത്തിന്റെ ആത്മീയ സംഭാഷണം ചെയ്യുന്നതിലൂടെ സദാ സമീപതയുടെ അനുഭവം ഉണ്ടാകുന്നു അതുപോലെ പഴയ കണക്ക് സമാപ്തമാകുന്നു.

## സ്ലോഗൻ:- സത്യമായ ഹൃദയത്തോടെ ദാതാവിനെ, വരദാതാവിനെ, വിധാതാവിനെ സന്തുഷ്ടമാക്കുന്നവർ തന്നെയാണ് ആത്മീയ ആന്ദത്തിൽ കഴിയുന്നത്.